**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 488** **17-09-2025 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോട്ടയ്ക്കൽ നിയമസഭാ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണത്തിന് 11.14 കോടി രൂപയുടെ ധനാനുമതി 11.02.2020 ന കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ പൂർത്തികരിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് പുതുക്കിയ ധനാനുമതി ലഭിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ച പ്രപ്പോസൽ പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 12.06.2025 ന പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടി പ്രപ്പോസൽ മടക്കി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബി നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ച് പുനഃ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതി നൽകുന്നതാണ്. ശേഷം SPV യുടെ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും സാങ്കേതികാനുമതി വാങ്ങി ടെണ്ടർ നടപടികൾ പൂർത്തികരിച്ച് പ്രവൃത്തി ആരംഭിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കോട്ടയ്ക്കൽ നിയമസഭാ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണത്തിന് 11.14 കോടി രൂപയുടെ ധനാനുമതി 11.02.2020 ന കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ പൂർത്തികരിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് പുതുക്കിയ ധനാനുമതി ലഭിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ച പ്രപ്പോസൽ പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 12.06.2025 ന പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടി പ്രപ്പോസൽ മടക്കി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബി നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ച് പുനഃ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും പുതുക്കിയ |

| | | | |
|---|---|---|---|
| | | | ധനാനുമതി നൽകുന്നതാണ്. ശേഷം SPV യുടെ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും സാങ്കേതികാനുമതി വാങ്ങി ടെണ്ടർ നടപടികൾ പൂർത്തികരിച്ച് പ്രവൃത്തി ആരംഭിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ